പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3884

25.6.2013-ലെ
മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ. എ.കെ ബാലൻ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കിൻഫ്രയുടെ കീഴിൽ പാലക്കാട് ജില്ലയിൽ എത്ര വ്യവസായ പാർക്കുകളാണ് നിലവിൽ ഉള്ളത് ; ഓരോന്നും സ്ഥിതി ചെയ്യുന്ന സ്ഥലവും നിലവിലുള്ള വ്യവസായങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ; എത്ര വ്യവസായങ്ങൾ അടഞ്ഞു കിടപ്പുണ്ട്; | എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കിൻഫ്ര ഗാർമെന്റ് / മറ്റ് വ്യവസായങ്ങൾ എന്നിവയ്ക്കായി കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റയിൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 82 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അലോട്ട് ചെയ്യപ്പെട്ട സംരംഭകരുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പ്രസ്തുത പാർക്കിൽ യൂണിറ്റുകളൊന്നും നിലവിൽ അടഞ്ഞുകിടക്കുന്നില്ല. |
| ബി) | ജില്ലയിൽ പുതുതായി ആരംഭിക്കാൻ പോകുന്ന വ്യവസായ പാർക്കുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇവിടെ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഓരോ പാർക്കിലും എത്ര വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും; | ബി) | പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| സി) | ജില്ലയിൽ തൊഴിൽ രംഗത്തും വ്യവസായ രംഗത്തും പിന്നോക്കം നിൽക്കുന്ന തരൂർ മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിക്കുകയും മുതൽമുടക്കുന്നതിന് സംരംഭകർ തയ്യാറായി മുന്നോട്ട് വരികയും ചെയ്താൽ ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ